**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2019

## എം.ബി.ബി.എസ്. കോഴ്സിൽ ഒഴിവ് വന്ന സീറ്റുകളിലേയ്ക്കുള്ള സെൻട്രലൈസ്ഡ് സ്പോട്ട് അഡ്മിഷൻ

അഖിലേന്ത്യാ കൗൺസലിംഗിലൂടെ ഇ.എസ്.ഐ./ അഖിലേന്ത്യാ സീറ്റുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചതിലൂടെ സ്വാശ്രയ കോളേജുകളിൽ ഒഴിവ് വന്ന **MBBS** സീറ്റുകളിലേയ്ക്കുള്ള സെൻട്രലൈസ്ഡ് സ്പോട്ട് അഡ്മിഷൻ **30.08.2019** വെള്ളിയാഴ്ച രാവിലെ **10** മണിക്ക് കാര്യവട്ടത്തെ സ്പോർട്സ് ഹബ്ബിലുള്ള ട്രാവൻകൂർ ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ (**ഗ്രീൻഫീൽഡ് സ്റ്റേഡിയം**) വച്ച് നടത്തുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്പോട്ട് അഡ്മിഷനിൽപങ്കെടുക്കാൻ അർഹതയുള്ളത്. നിലവിൽ അഖിലേന്ത്യാ കൗൺസിലിംഗിലൂടെ പ്രവേശനം നേടിയവർക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ **MBBS** കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾക്ക് **'www. cee.kerala.gov.in'** എന്ന വെബ്സൈറ്റിലെ അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Registration slip'**എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **28.08.2019** വൈകുന്നേരം **6** മണി മുതൽ സ്ലിപ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

<u>റിപ്പോർട്ട് ചെയ്യേണ്ട റാങ്ക് സംബന്ധിച്ച വിവരം</u>:

| Category | Cut-off State medical rank | Reporting time |
|---|---|---|
| BX- Backward Christian | 20000 | 10 a.m |
| SC- Scheduled Caste | | |
| AC-Christian minority | 15000 | |
| DV- Dheevara | | |
| Other categories[ including state merit(SM) and All India merit(AM)] | 12000 | |

**<u>കുറിപ്പ്: മുകളിൽ സൂചിപ്പിച്ചിട്ടുള്ള മെഡിക്കൽ കട്ട്-ഓഫ് റാങ്കിനുള്ളിൽ സ്പോട്ട് അഡ്മിഷൻ നടത്തിയ ശേഷം ഒഴിവുകൾ നിലനിൽക്കുകയാണെങ്കിൽ അത്തരം ഒഴിവുകൾ നികത്തുന്നതിനായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മേൽപ്പറഞ്ഞതിലും കുറഞ്ഞ റാങ്കുള്ളവരെയും പരിഗണിക്കുന്നതാണ്. അവർ ഉച്ചയ്ക്ക് 1.30–ന് മാത്രം ഹാജരായാൽ മതിയാകും.</u>**

**<u>ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും</u>**–

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **3,00,000/–** രൂപയുടെ (മൂന്ന് ലക്ഷം രൂപ മാത്രം) ഡി.ഡി, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ (തിരുവനന്തപുരത്ത് മാറാവുന്നത്) ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്ത് ഹാജരാക്കേണ്ടതാണ്. ബാക്കി തുക പ്രവേശനം ലഭിക്കുന്ന

കോളേജിൽ അടയ്ക്കേണ്ടതാണ്. ഇതിനോടകം മുൻ അലോട്ട്മെന്റുകളിലൂടെ അഡ്മിഷൻ ലഭിച്ചവർ (എഞ്ചിനീയറിംഗ് ഒഴികെ) **MBBS** സീറ്റിലേക്ക് മാറുകയാണെങ്കിൽ അധികമായി അടയ്ക്കേണ്ട തുകയ്ക്ക് തുല്യമായ ഡി.ഡി. ഹാജരാക്കിയാൽ മതിയാകും. ഫീസ് സംബന്ധിച്ച വിവരങ്ങൾ ആദ്യത്തെ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക. **SC/ST/OEC** വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുൾപ്പെടെ ഫീസ് ആനുകൂല്യമുള്ളവർ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ മൈനോറിറ്റി ക്വാട്ടാ സീറ്റിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതല്ല.

**കേന്ദ്രീകൃത സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ട രേഖകൾ**

1. **രജിസ്ട്രഷൻ സ്ലിപ്പ്**
2. നിശ്ചിത തുകയ്ക്കുള്ള **ഡിമാന്റ് ഡ്രാഫ്റ്റ്** (ബാധകമെങ്കിൽ)
3. **ടി.സി.(അസ്സൽ)**: (പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ ബി.ഡി.എസ് കോഴ്സിനും മെഡിക്കൽ അനുബന്ധ കോഴ്സിനും അഡ്മിഷൻ എടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ **MBBS** സീറ്റ് ലഭിക്കുകയാണെങ്കിൽ മുൻ അഡ്മിഷൻ റദ്ദാക്കപ്പെടുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി **എൻ.ഒ.സി, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽരേഖകളും വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഫീസ് ഉൾപ്പെടെയുള്ള മറ്റു രേഖകളുമായി** ഹാജരാകാവുന്നതാണ്. മറ്റു കോഴ്സുകളിൽ അഡ്മിഷൻ എടുത്തിരിക്കുന്നവർക്ക് അസ്സൽ ടി.സി. ഇല്ലാതെ സ്പോട്ട് അഡ്മിഷൻ ലഭിക്കുന്നതല്ല).
4. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി/ സി.ബി.എസ്.ഇ/ സി.ഐ.എസ്.സി.ഇ. ബോർഡുകളിൽ നിന്നും യോഗ്യത നേടിയവർ ഒഴികെ)
5. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
6. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
7. **KEAM 2019** ഡാറ്റാഷീറ്റ്
8. **KEAM 2019** പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

**കുറിപ്പ്:.**

*സ്പോട്ട് അഡ്മിഷനുശേഷം വിടുതൽ വാങ്ങുന്നവർക്ക് പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.*

**ഹെൽപ്പ്ലൈൻ നമ്പരുകൾ– 0471–2339101, 2339102, 2339103, 2339104& 2332123 (10 am –5 pm).**

തിരുവനന്തപുരം
28.8.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**